## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആവഡ- ആരോഗ്യ വകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തര്.

സൂചന:- ഈ ആഫീസിലെ 17/07/2015 ലെ ഇതേ നമ്പർ ഉത്തരവ്

### ഉത്തരവ് നമ്പർ – ഇ.എസ് 2/7000/2015/ആവഡ, തീയതി.18/09/2015

സൂചന 1 പ്രകാരം ആരോഗ്യ വകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ താത്കാലിക സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത പട്ടികയിൻമേൽ നിരവധി അപ്പീലുകൾ ലഭിക്കുകയും അതിൽ യോഗ്യമായവ പരിഗണിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി മുഖാന്തിരം നിയമനം ലഭിച്ചവർക്ക് അവയുടെ ശുപാർശ തീയതി മുതലും ആശ്രിത നിയമനം മുഖാന്തിരം നിയമനം ലഭിച്ചവർക്ക് ബന്ധപ്പെട്ട നിയമന അധികാരിയായ ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെ തീയതി മുതലും അന്തർജില്ലാ സ്ഥലംമാറ്റം നേടിയവർക്ക് അവർ പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതലും ജോലിയിൽ പ്രവേശിക്കേണ്ട തീയതി ദീർഘിപ്പിച്ചു കിട്ടിയവർക്ക് അവയുടെ കാലാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച തീയതി മുതലുമാണ് സീനിയോരിറ്റി കണക്കാക്കിയിരിക്കുന്നത്.

ആയതിനാൽ മേൽ പറയപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് ആരോഗ്യ വകുപ്പിലെ രണ്ടാം ഗ്രേഡ് ഡ്രൈവർമാരുടെ 01/09/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ അന്തിമ സീനിയോരിറ്റിപട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. എച്ച്.ടി. സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്.